**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4420** **18-03-2025 - ൽ മറുപടിയ്ക്ക്**

**ഫ്ലോട്ടിംഗ് സോളാർ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ് | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഡാമുകളിൽ ഫ്ലോട്ടിംഗ് സോളാർ സ്ഥാപിക്കുന്ന പദ്ധതി നടപ്പാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കുമോ; | (എ) | ഉണ്ട്. ഫ്ലോട്ടിംഗ് സോളാർ നിലയങ്ങൾ പ്രധാനമായും മനുഷ്യനിർമ്മിത തടാകങ്ങളിലാണ് (ഡാമുകൾ തുടങ്ങിയ ജലാശയങ്ങൾ) ആദ്യ ഘട്ടത്തിൽ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. വെള്ളം കയറി കൃഷിയോഗ്യമല്ലാതായ പ്രദേശങ്ങളിലും ഇത് സ്ഥാപിക്കാനുദ്ദേശിക്കുന്നു. |
| (ബി) | സ്വകാര്യ പങ്കാളിത്തത്തോടെയാണോ പ്രസ്തുത പദ്ധതി നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി നാളിതുവരെ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ? | (ബി) | അതെ. 09.11.2022 - ൽ ബഹു. മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഫ്ലോട്ടിംഗ് സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാനുള്ള മാർഗ്ഗരേഖ തയ്യാറാക്കാൻ തീരുമാനമെടുക്കുകയും തുടർന്ന് 09.12.2022-ലെ സ.ഉ. (സാധാ) 212/2022/ ഊർജ്ജം നമ്പർ ഉത്തരവ് പ്രകാരം ഈ കാര്യങ്ങൾ പരിശോധിക്കുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായി ഒരു ഉന്നതതല സമിതി രൂപീകരിക്കുകയും ചെയ്തു. അനെർട്ട് തയ്യാറാക്കിയ കരട് മാർഗ്ഗരേഖ ഉന്നതതല സമിതി പല തവണ വിലയിരുത്തി മാറ്റങ്ങൾ നിർദ്ദേശിച്ചു. മന്ത്രി തല യോഗവും ഇതു പരിശോധിച്ചു. ഇതിനിടയിൽ വിവിധ വകുപ്പുകളുടെ വിശദമായ പരിശോധനയും നടന്നു. തുടർന്ന് 01.03.2025-ലെ സ.ഉ. (കൈ) 4/2025/POWER നമ്പർ ഉത്തരവ് പ്രകാരം മാർഗ്ഗരേഖ അംഗീകരിച്ചു.<br><br>സംസ്ഥാനത്ത് ഫ്ലോട്ടിംഗ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതാ പഠനങ്ങളും നടന്നു വരുന്നുണ്ട്. ലോക ബാങ്കിന്റെ ഒരു പദ്ധതിയുടെ ഭാഗമായി മൂന്നു ഡാമുകളിൽ (കല്ലട, പോത്തുണ്ടി, കാരാപ്പുഴ അണക്കെട്ടുകൾ) വിശദമായ പഠനം നടന്നുവരുന്നുണ്ട്. ഇവയിൽ യഥാക്രമം **133, 25, 38** മെഗാവാട്ട് എന്നിങ്ങനെ ശേഷിയുള്ള ഫ്ലോട്ടിംഗ് സൗരോർജ്ജ നിലയങ്ങൾ സ്ഥാപിക്കാൻ സാധ്യത കാണുന്നുവെന്നാണ് പ്രാഥമിക പഠനങ്ങളിൽ കാണുന്നത്. |

സെക്ഷൻ ഓഫീസർ